"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സഹകരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.457/2025/Co-Op തീയതി,തിരുവനന്തപുരം, 27-10-2025

പരാമർശം:-

1. സ.ഉ.(എം.എസ്)നം.28/2014/സഹ തീയതി 30/01/2014
2. സ.ഉ.(സാധാ)നം.221/2022/സഹ തീയതി 29/03/2022
3. സഹകരണ സംഘം രജിസ്ട്രാറുടെ 23/09/2025 ലെ പി&എം എ (1)/5785/2025 നം. കത്ത്.
4. സഹകരണ സംഘം രജിസ്ട്രാറുടെ പി&എം ബി(5) 12682/2024 നം. കുറിപ്പ്
5. 04/10/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
6. ഇ. അനുമതി നം. AS/COP/25/ 43804 Subsidy

## ഉത്തരവ്

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഫെഡറേഷന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദേശം പരാമർശം (1) പ്രകാരം അംഗീകരിക്കുകയും തുടർന്ന്, പരാമർശം (2) പ്രകാരം ധനസഹായത്തിന്റെ പരിധി 50.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരായ അഡീഷണൽ രജിസ്ട്രാർ/മാനേജിംഗ് ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ/ജനറൽ മാനേജർ, അസിസ്റ്റന്റ് രജിസ്ട്രാർ/ബിസിനസ്സ് മാനേജർ എന്നിവരുടെ ശമ്പളാനുകൂല്യങ്ങൾക്കും പദ്ധതി നിർവഹണത്തിനുമായി 50.00 ലക്ഷം രൂപ ധനസഹായം 2025-2026 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3,4) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (5) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം

രജിസ്ട്രാറുടെ ശിപാർശയുടെയും **04/10/2025** ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഫെഡറേഷന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി **2425-108-42-34-03** ശീർഷകത്തിൽ നിന്നും സബ്സിഡിയിനത്തിൽ **50.00** ലക്ഷം രൂപ (അമ്പത് ലക്ഷം രൂപ മാത്രം) ധനസഹായം **2025-26** സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/214/2025)

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 27-10-2025 16:40:09
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.